# പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 275

18/03/2013 - ൽ മറുപടിക്ക്

### പോലീസ് സ്റ്റേഷനുകളിൽ വനിതാ സേനാംഗങ്ങളുടെ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഗീതാ ഗോപി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരുടെ സേവനം നിലവിൽ ലഭ്യമാണോ; | (എ) നിലവിൽ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ആവശ്യമെന്നു കാണുന്ന പക്ഷം വനിതാ പോലീസ് ഓഫീസർമാർ ഉൾപ്പെടെയുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാണ്. എന്നാൽ താഴെ പറയുന്ന ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുകാരെ സ്ഥിരമായി നിയോഗിച്ചിട്ടില്ല. ഇത് പ്രധാനമായും സംസ്ഥാനത്തെ ഒറ്റപ്പെട്ടു കിടക്കുന്ന മലയോര മേഖലകളിലുള്ള പോലീസ് സ്റ്റേഷനുകളാണ്. ഇവിടെ അത്യാവശ്യ സന്ദർഭങ്ങളിൽ ഏറ്റവുമടുത്ത സ്റ്റേഷനിൽ നിന്നും വനിതാ പോലീസുകാരെ നിയോഗിച്ചയയ്ക്കാറുണ്ട്.<br><br>പോലീസ് സ്റ്റേഷനുകളുടെ പേരു വിവരം<br><br>1) പൊൻമുടി<br>2) പമ്പ<br>3) മൂഴിയാർ<br>4) തടിയിട്ട പറമ്പ്<br>5) കുട്ടമ്പുഴ<br>6) മലക്കപ്പാറ |

7) പാടഗിരി
8) ഷോളയാർ
9) പറമ്പിക്കുളം
10) കാടാമ്പുഴ

| | | |
|---|---|---|
| (ബി) ഇല്ലെങ്കിൽ അവരുടെ സേവനം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | ബാധകമല്ല |
| (സി) നിലവിൽ എത്ര പോലീസ് സ്റ്റേഷനുകളിൽ വനിതാ പൊലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്; ശേഷിക്കുന്ന സ്റ്റേഷനുകളിൽക്കൂടി വനിതാ സേനാംഗങ്ങളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | 9 ട്രാഫിക് പോലീസ് സ്റ്റേഷനുൾപ്പെടെയുള്ള 447 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസിനെ നിയോഗിച്ചിട്ടുണ്ട്. മേൽ പറഞ്ഞ 10 പോലീസ് സ്റ്റേഷനുകളിൽ ആവശ്യമെന്നു കാണുന്ന പക്ഷം വനിതാ പോലീസ് ഓഫീസർമാർ ഉൾപ്പെടെയുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഏറ്റവുമടുത്ത സ്റ്റേഷനിൽ നിന്നും നിയോഗിച്ചയയ്ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ